**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/064/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 24-12-2025**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. സുരേഷ് ബാബു.എൻ<br>ജി.എസ്.ആർ ഇൻഡസ്ട്രീസ്<br>നമ്പ.13, ഉഴമലയ്ക്കൽ, പുതുകുളങ്ങര പി.ഒ<br>തിരുവനന്തപുരം ജില്ല - 695541 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>നെടുമങ്ങാട്, തിരുവനന്തപുരം ജില്ല. |

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ.സുരേഷ് ബാബു ലൈസൻസിയായ KSEBL ന്റെ ഉഴമലയ്ക്കൽ സെക്ഷന്റെ കീഴിൽ കൺസ്യൂമർ നമ്പർ 1146730009128 ആയ ഒരു ഉപഭോക്താവാണ്. നെടുമങ്ങാട് ഉഴമലയ്ക്കൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന GSR ഇൻഡസ്ട്രീസിന്റെ ഉടമയായ പ്രസ്തുത ഉപഭോക്താവ് ആ ഇൻഡസ്ട്രി പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് LT 3 phase കണക്ഷൻ എടുത്തിട്ടുള്ളത്. വളരെ കൃത്യത വേണ്ട ചില ഉപകരണങ്ങൾ നിർമ്മിക്കുന്ന ഈ സ്ഥാപനത്തിൽ നിരന്തരമായി വൈദ്യുത തടസ്സം ഉണ്ടാകുന്നതിനാൽ വളരെ നഷ്ടം സംഭവിക്കുന്നു. ഇടയ്ക്കിടയ്ക്ക് വൈദ്യുതി നിലയ്ക്കുന്നതിനാൽ 8 മണിക്കൂർ പ്രവർത്തന സമയത്തിൽ 2 മണിക്കൂർ പോലും തുടർച്ചയായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ലൈസൻസിയുടെ Dy.CE യ്ക്കും മറ്റു പരാതി നൽകിയിട്ടും പരിഹാരം ഉണ്ടാകാത്തതിനാൽ CGRF ൽ പരാതി നൽകുകയുണ്ടായി. CGRF-OP/15/2025-26 ആയി സ്വീകരിച്ച പരാതിയിന്മേൽ നടപടികൾ പൂർത്തിയാക്കി 25/08/2025 ൽ ഉത്തരവിറക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുപ്രകാരം നീതി

ലഭിക്കാത്തതിനാലാണ് സംസ്ഥാന വൈദ്യുതി ഓംബുഡ്സ്മാൻ സമക്ഷം ഈ അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

തിരുവനന്തപുരം നെടുമങ്ങാട് ഉഴമലയ്ക്കൽ **Mini Industrial Estate** ൽ പ്രവർത്തിക്കുന്ന **GSR Industries** നൽകുന്ന പരാതി. ഞങ്ങളുടെ ഈ ചെറുകിട സ്ഥാപനത്തിൽ **CNC machine** ഉപയോഗിച്ച് കൊണ്ട് **ISRO** ക്ക് വേണ്ട **Aerospace component Fabrication** ആണ് ഇവിടെ നടക്കുന്നത്. ഇവിടെ ചെയ്യുന്ന വർക്കുകൾ **High Precision Job** കളാണ്. എന്നാൽ ഉഴമലയ്ക്കൽ **KSEB Section** പരിധിയിൽ എല്ലാ ദിവസവും നിരന്തരമായി വൈദ്യുതി **interruption** വരുന്നതിനാൽ വർക്കുകൾ ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. ഒരു മണിക്കൂറിൽ മിനിമം **15** പ്രാവശ്യമെങ്കിലും **interruption** ഉണ്ടാകുന്നതിനാൽ **8** മണിക്കൂർ **working time** ൽ **2** മണിക്കൂർ പോലും വർക്ക് ചെയ്യാൻ കഴിയുന്നില്ല. **Work finish time** ൽ ആണ് വൈദ്യുതി **interruption** വരുന്നതെങ്കിൽ **job** ൽ **tool mark** വരുകയും ആ വർക്ക് **ISRO Reject** ചെയ്യുകയും അങ്ങനെ ഞങ്ങൾക്ക് മിനിമം ഒരു ദിവസം **20,000/-** രൂപയുടെ നഷ്ടം ഉണ്ടാക്കുന്നു. ഏകദേശം ഒരു മാസം **6,00,000/-** രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്. **KSEB** കാരണം ഈ സ്ഥാപനം അടച്ചു പൂട്ടലിന്റെ വക്കിലാണ്.

ഇതിനെത്തുടർന്ന് ഞാൻ **KSEB Thiruvananthapuram Chief Engineer** ക്ക് പരാതി സമർപ്പിക്കുകയുണ്ടായി. ഇതിൽ തുടർനടപടി ഉണ്ടാകാത്തതിനാൽ **CGRF** ന് പരാതി നൽകുകയും അതിനെത്തുടർന്ന് **22/06/2025** ൽ വിചാരണയ്ക്ക് ഹാജരാവുകയും **15** ദിവസത്തിനകം **power interruption** തടയുവാൻ എന്തുചെയ്യാൻ കഴിയുമെന്നതിനുള്ള **report** സമർപ്പിക്കുവാൻ എതിർകക്ഷിയോട് ആവശ്യപ്പെടുകയും ഉണ്ടായി. റിപ്പോർട്ടിന്റെ കോപ്പി **13/08/2025** ൽ വിവരാവകാശ പ്രകാരം **CGRF** നോട് ആവശ്യപ്പെടുകയും ഉണ്ടായി. വിവരാവകാശ പ്രകാരം എനിക്ക് ലഭിച്ച മറുപടി തൃപ്തികരം അല്ല. ആയതിനാൽ ഉപഭോക്താവ് എന്ന നിലയിൽ എനിക്ക് നീതിലഭിക്കാൻ ഉള്ള നടപടികൾ ഓംബുഡ്സ്മാന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

**30/04/2025** ന് ശ്രീ.സുരേഷ് ബാബു.എൻ കൊട്ടാരക്കര **CGRF** ചെയർപേഴ്സണിന് നൽകിയ പരാതി പ്രകാരം വൈദുതി തടസ്സം പരിഹരിക്കുവാൻ കാലതാമസം നേരിട്ടു എന്ന പരാതിയുമായി ബന്ധപ്പെട്ട് ഉഴമലയ്ക്കൽ സെക്ഷനിലെ പരാതി പുസ്തകം പരിശോധിച്ചതിൽ നിന്നും, "ചക്രപാണിപുരം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു ഫേസ് ഇല്ല" എന്ന കൺസ്യൂമർ നമ്പർ **1146730009128** ന്റെ പരാതി, **7034558723** എന്ന ഫോൺ മുഖാന്തരം ലഭിച്ച സന്ദേശം, **30/04/2025**-നു രാവിലെ **8.20** മണിയ്ക്ക് അഞ്ചാമത്തെ ഡോക്കറ്റ് നമ്പറിലെ പരാതിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ സമയം സെക്ഷനിലെ ജീവനക്കാരെല്ലാം തന്നെ സൺറൈസ് മീറ്റിംഗിൽ പങ്കെടുക്കുകയായിരുന്നു.

ദൈനംദിനം നടക്കുന്ന ഈ സൺറൈസ് മീറ്റിങ്ങിലാണ് ബ്രേക്ക്ഡൗൺ, മെയിൻറനൻസ് റവന്യൂ വിശകലനം സംബന്ധമായ ജോലികളെക്കുറിച്ച് ചെയ്യുന്നതും, തീരുമാനങ്ങൾ എടുക്കുന്നതും. കൂടാതെ ഓരോ പ്രവർത്തിയും നടക്കുമ്പോൾ, സുരക്ഷാപരമായി വളരെ കുറച്ച് ഉപഭോക്താക്കളെ ബാധിക്കുന്ന തരത്തിൽ, എവിടെയൊക്കെയാണ് ലൈനുകൾ ഓഫ് ചെയ്യണമെന്നും, ആയതിനു എന്തൊക്കെ മുൻകരുതലുകൾ എടുക്കണമെന്നും, എന്തൊക്കെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിയ്ക്കണമെന്നുമുള്ള കാര്യങ്ങളെപ്പറ്റി ജീവനക്കാർക്ക് അവബോധം സൃഷ്ടിക്കുന്നതും, വിശകലനം ചെയ്യുന്നതും ഈ പ്രഭാത യോഗത്തിലാണ്. കൂടാതെ ബോർഡിലെ പ്രധാനപ്പെട്ട ഉത്തരവുകളും, മേൽ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും തീരുമാനങ്ങളും ജീവനക്കാരിലേയ്ക്ക് എത്തിയ്ക്കുന്നതും ഈ യോഗത്തിലൂടെയാണ്. ഇതുകൂടാതെ തലേദിവസം പൂർത്തിയാക്കിയതും അല്ലാത്തതുമായ പരാതികളെക്കുറിച്ചും വർക്കുകളെക്കുറിച്ചും റവന്യൂ സംബന്ധമായ വിഷയങ്ങളെപ്പറ്റിയും, അത്യന്തം അടിയന്തര പ്രാധാന്യത്തോടെ ചെയ്തുതീർക്കേണ്ട പ്രവർത്തികളെക്കുറിച്ചും ചർച്ച ചെയ്യുന്നത് ഈ സമയത്താണ്. കൂടാതെ ഓരോ ജീവനക്കാരനും, അതാത് ദിവസത്തെ ജോലികൾ കൃത്യമായും ആശയക്കുഴപ്പമില്ലാതെയും സുരക്ഷിതമായും ചെയ്യുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് ഈ മീറ്റിങ്ങിലാണ്. അതുകൊണ്ടുതന്നെ ഓരോ സെക്ഷനിലെയും സൺറൈസ് മീറ്റിംഗുകൾ **KSEB** ലിമിറ്റഡ് അതീവ പ്രാധാന്യത്തോടെയാണ് കണ്ടുവരുന്നത്. കൂടാതെ സുരക്ഷയ്ക്ക് അത്യന്തം പ്രാധാന്യം കൽപ്പിയ്ക്കുന്നതിൻറെ ഭാഗമായി **KSEB** ലിമിറ്റഡിന്റെ ഏതൊരു

സ്ഥാപനത്തിലും സംഭവിയ്ക്കുന്ന അപകടങ്ങളെക്കുറിച്ചും, അതിനു കാരണമായ വസ്തുതകളെക്കുറിച്ചും ജീവനക്കാരുമായി ചർച്ച ചെയ്യുകയും, ഇത്തരത്തിലുള്ള അപകടങ്ങൾ ആവർത്തിയ്ക്കാതിരിയ്ക്കുവാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിയ്ക്കണമെന്നും, അപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്നുമുള്ള വസ്തുതകൾ വിശകലനം ചെയ്യുകയും, ഓരോ ജീവനക്കാരെയും ബോധവൽക്കരിയ്ക്കുകയും ചെയ്യുന്നത് ഈ വേളയിലാണ്.

പരാതിയ്ക്കാസ്പദമായ ദിവസം രാവിലെ **8.06** മണി മുതൽ **8.45** മണി വരെ സെക്ഷനിലെ ജീവനക്കാർ സൺറൈസ് മീറ്റിംഗിൽ പങ്കെടുക്കുകയായിരുന്നു എന്ന് ഉഴമലയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. മൂന്നാമത്തെ ഡോക്കറ്റ് നമ്പരായി ടി സെക്ഷനിൽ ലഭിച്ച കൺസ്യൂമർ നമ്പർ **3423**-ൻറെ 'ന്യൂട്രൽ ലൂസ്" എന്നതുമായി ബന്ധപ്പെട്ട, വളരെ മുൻഗണന അർഹിയ്ക്കുന്ന പരാതി, രാവിലെ **9.00** മണിയോടെ പരിഹരിച്ച ശേഷം **GSR** ഇൻഡസ്ട്രീസിൽ പോയി കേടായ ഫ്യൂസ് രാവിലെ **9.40** മണിയോടുകൂടി മാറ്റി സ്ഥാപിച്ചു. അതായത് ഒരു മണിക്കൂർ ഇരുപത് മിനിറ്റിനുള്ളിൽ തന്നെ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച **Standards of Performance Regulations, 2015** ചേർത്തിരിയ്ക്കുന്നു) -ൽ പറയുന്ന പ്രകാരം, നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ അനുസരിച്ച് **Regulation 4(2)** തന്നെ മേൽ പരാതി പരിഹരിച്ചിരിയ്ക്കുന്നതായി മനസ്സിലാക്കുന്നു. ദൈനംദിന മീറ്റിംഗിനിടയിലും നിലവിലെ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട്, പരാതി സ്വീകരിയ്ക്കുകയും വിലയിരുത്തുകയും പരിഹരിയ്ക്കുകയും ചെയ്തു. രാവിലത്തെ മീറ്റിങ്ങുമായി ബന്ധപ്പെട്ട്, കാര്യങ്ങൾ കൂടിച്ചേർന്നു വന്നതും, മുൻകൂട്ടി ലഭിച്ച മറ്റൊരു പരാതി പരിഹരിയ്ക്കുന്നതിനായി നിയുക്ത ടീമിന് പോകേണ്ടി വന്നതും കാരണമാണ് പ്രസ്തുത പരാതി പരിഹരിയ്ക്കുവാൻ നേരിയ കാലതാമസം വന്നത്. ഈ സംഭവത്തിൽ യാതൊരുവിധ വീഴ്ച്ചയും സംഭവിച്ചിട്ടില്ലാത്തതും, **KSERC** നിശ്ചയിച്ച സമയ പരിധിയ്ക്കുള്ളിൽ തന്നെ പരാതി പരിഹരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ പരാതിയിൽ നിന്നും തികച്ചും വ്യത്യസ്തമായി **26/06/2025** -ലെ കൊട്ടാരക്കര **CGRF** ചെയർപേഴ്സൺ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ) - റുടെ ഓഫീസിൽ വച്ച് നടത്തിയ വിചാരണ വേളയിൽ പരാതിക്കാരൻ സ്ഥാപനത്തിന്റെ

പ്രവർത്തനത്തെ 11 kv ഫീഡറിലുണ്ടാകുന്ന സ്വിച്ച് ഓഫുകൾ ബാധിക്കുന്നുണ്ടെന്ന് ബോധിപ്പിച്ചു.

കൂടാതെ ആ സമയം 11 kv ഉഴമലയ്ക്കൽ ഫീഡറിൽ നിന്നാണ് പ്രസ്തുത കൺസ്യൂമറിന് സപ്ലൈ കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ വിചാരണ വേളയിൽ 11 kV വലിയമല OH ഫീഡറിൽ നിന്ന് ഫീഡ് ചെയ്തിരുന്ന അവസരത്തിൽ ഇൻ്ററപ്ഷൻ കുറവായിരുന്നു എന്നും, അതിനാൽ വലിയമല 11 kv ഫീഡറിലേയ്ക്ക് മാറ്റി തരണമെന്ന് അഭിപ്രായപ്പെട്ടതിനെത്തുടർന്ന്, പ്രസ്തുത പ്രദേശം ഫീഡ് ചെയ്തിരുന്ന ഉഴമലയ്ക്കൽ OH ഫീഡറിൽ നിന്ന് വലിയമല ഫീഡറിലേയ്ക്ക് മാറ്റുകയും ചെയ്തു. പരാതിക്കാരൻ നിലവിൽ നേരിടുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ടച്ചിങ് സംബന്ധിച്ച പ്രവർത്തികൾ പൂർത്തീകരിച്ചു. രണ്ടു തരത്തിലുള്ള വൈദ്യുതി തടസ്സങ്ങളാണ് ഉപഭോക്താക്കൾക്ക് പ്രധാനമായും ഉണ്ടാകുന്നത്. - Scheduled Outage-ഉം, Unscheduled Outage-ഉം. ഇതിൽ scheduled Outage-ൽ മുൻകൂട്ടി തീരുമാനിയ്ക്കുന്ന പ്രവർത്തനങ്ങളാണ് ചെയ്യുന്നത് ഇതിന്റെ സമയപരിധി ഉപഭോക്താക്കളെ മുൻകൂട്ടി അറിയിയ്ക്കുകയും, നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ടി പ്രവർത്തി ചെയ്തു തീർക്കുകയും ചെയ്യുന്നുണ്ട്.

Unscheduled Outage-കൾ പ്രധാനമായും ലൈനിനോ അതിലെ സാധനസാമഗ്രികൾക്കോ അതിലെ ഉപകരണങ്ങൾക്കോ പെട്ടെന്ന് സംഭവിയ്ക്കുന്ന കേടുപാടുകൾ മുഖാന്തരം ആണ് ഉണ്ടാകുന്നത്. നിലവിൽ വൃക്ഷലതാദികളും റബ്ബർ മരങ്ങളും തിങ്ങി നിറഞ്ഞ ഈ പ്രദേശത്ത് കൂടുതലും സംഭവിയ്ക്കുന്നത് Unscheduled ആയ Outage ആണ്. അത് പരിഹരിയ്ക്കുന്നതിനു ആവശ്യമായ സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സുരക്ഷാ കാരണങ്ങളാൽ Unscheduled Outage-u പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുന്നതല്ല. ഇത് നിലവിലുള്ള വൈദ്യുതി ശൃംഖലയുടേയും പൊതു സമൂഹത്തിന്റെ തന്നെയും സുരക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്.

ഇതിൽ ഏത് Outage ആയാലും, നിലവിൽ KSERC നിഷ്കർഷിയ്ക്കുന്ന സമയ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് തന്നെ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ച് തടസ്സം പരിഹരിയ്ക്കുന്നുണ്ട്. 11 kv ഉഴമലയ്ക്കൽ ഫീഡറിലെ വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിൻറെ ഭാഗമായി, ഈ ഫീഡറിൻറെ ബ്രാഞ്ച് ലൈനുകൾ (Bare OH Conductor) കടന്നുപോകുന്ന പ്രദേശങ്ങളായ കാരനാട്,

പത്തേക്കർ, അയ്യപ്പൻകുഴി, മിനി ഇൻഡസ്ട്രിയൽ ഏരിയ, ചാരുമൂട്, നല്ലിക്കുഴി, പരുത്തികുഴി, ചക്രപാണിപുരം എന്നീ ഭാഗങ്ങളിലായി 12 km HT ലൈനിൻറെ പുനർനിർമ്മാണം നിർദ്ദേശിക്കുകയും, RDSS (Phase 2) പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ചീഫ് എഞ്ചിനീയർ ഡിസ്ട്രിബ്യൂഷൻ തലത്തിൽ വർക്ക് ഓർഡർ കൊടുത്തിട്ടുള്ളതുമാണ്. ഈ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിലവിൽ 11 kv ഉഴമലയ്ക്കൽ ഫീഡറിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാകുന്നതാണ്. നെടുമങ്ങാട് സബ് സ്റ്റേഷനിൽ നിന്നുള്ള ആര്യനാട്, ചുള്ളിമാനൂർ, വിതുര എന്നീ 33KV 265 Bare OH Conductor 2001 Covered Conductor റീകണ്ടക്റ്ററിങ് വർക്ക് പുരോഗമിച്ച് വരികയാണ്. അതിനാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായിട്ടുള്ള വൈദ്യുതി തടസ്സങ്ങൾ ഈ പ്രദേശത്തെ ബാധിക്കുന്നുണ്ട് എന്നുള്ള വിവരം കൂടി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പരാതിക്കാരന്റെ സ്ഥാപനമായ ജി.എസ്.ആർ ഇൻഡസ്ട്രീസ് ന് വൈദ്യുതി വിതരണം ചെയ്യുന്നത് നെടുമങ്ങാട് 110kv സബ് സ്റ്റേഷനിൽ നിന്നുള്ള ഉഴമലയ്ക്കൽ 11 kv ഫീഡറിലൂടെയാണ്. ഉഴമലയ്ക്കൽ സെക്ഷനിലെ ഭൂരിഭാഗം ഉപഭോക്താക്കൾക്കും ഈ ഫീഡറിലൂടെയാണ് വൈദ്യുതി ലഭിക്കുന്നത്. നിലവിൽ റാക്കൂൺ കണ്ടക്ടർ ഉപയോഗിച്ച ഓവർ ഹെഡ് ലൈൻ ശൃംഖലയാണ് ഉപയോഗത്തിലുള്ളത്.

ഉഴമലയ്ക്കൽ ഫീഡറിൽ അറ്റകുറ്റപ്പണികളോ, തകരാറുകളോ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ, മാണിക്യപുരം ബോർഡറിലെ എ.ബി. സ്വിച്ച് മുഖേന വലിയമല 11 kv ഫീഡറിൽ നിന്നും ബാക്ക് ഫീഡിംഗ് സൗകര്യം ലഭ്യമാണ്. വലിയമല ഫീഡർ പ്രധാനമായും നെടുമങ്ങാട് ഇലക്ട്രിക്കൽ സെക്ഷനാണ് ഉപയോഗിക്കുന്നതെങ്കിലും, ആവശ്യമുള്ളപ്പോൾ ഉഴമലയ്ക്കൽ സെക്ഷന് താൽക്കാലിക വൈദ്യുതി വിതരണ സൗകര്യം ഇതുവഴി ഉറപ്പാക്കുന്നു.

മഴയും കാറ്റുമുള്ള പ്രതികൂല കാലാവസ്ഥകളിൽ ഓവർകറൻറ് ട്രിപ്പിങ്ങുകളും എർത്ത് ഫോൾട്ടുകളും കാരണം ഇടയ്ക്കിടെ ഫീഡറുകളിൽ തടസ്സങ്ങൾ അനുഭവപ്പെടാറുണ്ട്. ഉഴമലയ്ക്കൽ ഫീഡർ പ്രധാന സ്രോതസായതിനാൽ അതിൽ തടസ്സം സംഭവിക്കാൻ സാധ്യത കൂടുതലാണ്. ബാക്ക് ഫീഡിംഗ് സമയത്ത് വലിയമല ഫീഡറിലെ തടസ്സങ്ങളും ഉഴമലയ്ക്കൽ സെക്ഷൻറെ വൈദ്യുതി വിതരണത്തെ പരോക്ഷമായി ബാധിക്കാം. കൂടാതെ,

സമീപ ഫീഡറുകളിലെ ഷെഡ്യൂൾ ചെയ്ത ജോലികൾക്കിടയിൽ മൊമെന്ററി ബ്ലിങ്കുകൾ അഥവാ ചെറിയ ദൈർഘ്യമുള്ള സ്വിച്ച് ഓഫുകൾ (3 മിനിറ്റിൽ താഴെ) സംഭവിക്കാനും സാധ്യതയുണ്ട്. ലൈൻ പാതകൾ റബ്ബർ തോട്ടങ്ങളുടെയും, മരങ്ങളുടെയും ഇടയിലൂടെ കടന്നു പോകുന്നതിനാൽ, പ്രത്യേകിച്ച് മഴക്കാലത്തും കാറ്റുള്ള സമയത്തും വൈദ്യുതി തടസ്സങ്ങൾ പൂർണ്ണമായി ഒഴിവാക്കുക പ്രായോഗികമല്ല.

തടസ്സങ്ങൾ ആവർത്തിക്കുന്നത് കുറയ്ക്കാനും ദൈർഘ്യം ചുരുക്കാനും താഴെപ്പറയുന്ന നടപടികൾ ഉഴമലയ്ക്കൽ സെക്ഷൻ സ്വീകരിച്ചിട്ടുണ്ട്. HT/LT ലൈൻ പാതയിലുടനീളം കണ്ടക്ടറുകളിൽ തട്ടുന്ന മരച്ചില്ലകളും മറ്റ് സസ്യാവശിഷ്ടങ്ങളും നീക്കം ചെയ്യുന്ന ആവർത്തിച്ചുള്ള പട്രോളിംഗ് നടപ്പിലാക്കിയിട്ടുണ്ട്. Revamped Distribution Sector Scheme (RDSS) പ്രകാരം ചാരുമ്മൂട്, മാണിക്യപുരം, നല്ലിക്കുഴി, പരുത്തിക്കുഴി, അയ്യപ്പൻകുഴി, കുര്യാത്തി, ചക്രപാണിപുരം, കാരനാട് തുടങ്ങിയ പ്രദേശങ്ങളിലെ HT ഓവർഹെഡ് ലൈൻ Aerial Bunched Cable (ABC) ആയി മാറ്റുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലായാൽ ഫീഡറിലെ തടസ്സങ്ങൾ ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

ബലഹീനമായ ഇൻസുലേറ്ററുകൾ മാറ്റിസ്ഥാപിക്കൽ, എ ബി സ്വിച്ചുകളുടെ പരിശോധന, പോൾ സ്ട്രക്ചറുകളുടെ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുന്നു. ഫീഡർ തകരാറിലാകുന്ന സാഹചര്യങ്ങളിൽ മാണിക്യപുരം എ.ബി. സ്വിച്ച് വഴി ഉചിതമായ ബാക്ക്-ഫീഡിങ്ങും, ലോഡ് കൈമാറ്റവും ഉറപ്പാക്കുന്നതിനായി സമീപ സെക്ഷനുകളുമായി സ്ഥിരമായ കോർഡിനേഷൻ ഉറപ്പാക്കുന്നു. മേൽപ്പറഞ്ഞ നടപടികളും, നിരന്തരമായ നിരീക്ഷണവും പ്രതിരോധ മെയിൻറനൻസും, നടപ്പിലാക്കാനിരിക്കുന്ന നിർദ്ദേശങ്ങളും വഴി ഫീഡറിലെ തടസ്സങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

## പരാതിക്കാരന്റെ എതിർവാദം

വൈദ്യുതി തടസ്സങ്ങൾ സംബന്ധിച്ച് പ്രതിവാദി നൽകിയ പ്രസ്താവന യാഥാർത്ഥ്യ വിരുദ്ധവും അപൂർണ്ണവുമാണ്. പരിസര പ്രദേശങ്ങളിലുണ്ടായ വൈദ്യുതി മുടക്കങ്ങൾ തുടർച്ചയാണ് ദൈർഘ്യമേറിയതുമായിരുന്നതായി അനുഭവസാക്ഷ്യങ്ങൾ തെളിയിക്കുന്നു. എതിർകക്ഷി പറയുന്ന പോലെ

ചെറുകാലത്തേക്കുള്ള താത്കാലിക തടസ്സങ്ങൾ മാത്രമല്ല, പല ദിവസങ്ങളിലും മണിക്കൂറുകളിലുമായി വൈദ്യുതി വിതരണം മുടങ്ങിയിരുന്നു. തടസ്സങ്ങളാൽ **mini industries** ലെ സ്ഥാപനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് നേരിടേണ്ടി വന്നു. അതിനാൽ എതിർകക്ഷിയുടെ വാദം യാഥാർത്ഥ്യ വിരുദ്ധമാണെന്നും സംഭവങ്ങളുടെ സത്യാവസ്ഥ പരിശോധിച്ച് അനുകൂലമായി നടപടി സ്വീകരിക്കണം എന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

**26/06/2025** കൊട്ടാരക്കര **CGRF** ൽ വെച്ചു നടത്തിയ വിചാരണയ്ക്ക് ശേഷവും സ്ഥാപനങ്ങളിൽ തുടർച്ചയായ വൈദ്യുതി തടസ്സം നേരിടുന്നുണ്ട്. **13** തൊഴിലാളികളുമായി പ്രവർത്തിക്കുന്ന **GSR Industries** എന്ന എന്റെ സ്ഥാപനം **KSEB** കാരണം വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആയതിനാൽ തുടർച്ചയായുള്ള ഈ വൈദ്യുതി തടസ്സത്തിന് ഒരു സ്ഥിരമായ പരിഹാരം ഉണ്ടാക്കി തരണം എന്ന് അഭ്യർത്ഥിക്കുന്നു.

## <u>വിശകലനവും കണ്ടെത്തലുകളും</u>

അപ്പീൽ പരാതിയുടെ വാദം **12/12/2025** ന് ഉച്ചയ്ക്ക് **12.00**-ന് കെ.എസ്.ഇ.ബി ഐ.ബി പരുത്തിപ്പാറയിൽവെച്ച് നടന്നു. പരാതിക്കാരൻ ശ്രീ.സുരേഷ് ബാബു.എൻ എതിർകക്ഷി ശ്രീമതി.ജയശ്രീ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, നെടുമങ്ങാട്, തിരുവനന്തപുരം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാടുള്ള ഉഴമലയ്ക്കൽ മിനി വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന **GSR** ഇൻഡസ്ട്രീസിന്റെ പ്രവർത്തനത്തിനുവേണ്ടി ലഭ്യമാക്കിയിട്ടുള്ള **LT 3 phase** സർവീസ് കണക്ഷനിലുണ്ടായികൊണ്ടിരിക്കുന്ന വൈദ്യുതതടസ്സങ്ങളെക്കുറിച്ചാണ് പരാതിയിൽ പരാമർശിച്ചിട്ടുള്ളത്. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിന് **(ISRO)** വേണ്ട അതിനൂതനമായതും വളരെ കൃത്യത വേണ്ടതുമായ ഘടകങ്ങൾ നിർമ്മിക്കുന്നതാണ് പരാതിക്കാരന്റെ സ്ഥാപനം. അതിനുവേണ്ടി **CNC** മെഷീൻ പോലുള്ള യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുണ്ട്. **ISRO** യ്ക്ക് വേണ്ട സാമഗ്രികൾ നിർമിക്കുന്നതിന് വേണ്ടി അസംസ്കൃത സാധനങ്ങൾ **ISRO** തന്നെ നൽകുന്നതിനാൽ **rejection** വരുന്ന സാധനങ്ങളുടെ വില കുറയ്ക്കുകയും അങ്ങനെ പരാതിക്കാരന് വലിയ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു. പ്രവർത്തിനടന്നുകൊണ്ടിരിക്കുന്നതിനിടയിൽ

വൈദ്യുതി നിലയ്ക്കുമ്പോൾ യന്ത്രത്തിൽ നിർമ്മാണത്തിലിരുന്ന ഉല്പന്നങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കേണ്ടിവരുന്നു. തൊഴിൽ ദിനങ്ങൾ നഷ്ടപെടുന്നതിലൂടെയും ഉല്പന്നങ്ങൾ **Reject** ആകുന്നതിലൂടെയും ഭീമമായ നഷ്ടം പരാതിക്കാരന് ഉണ്ടാകുന്നു എന്നത് പരാതിയിൽ വ്യക്തമാക്കിയിരിക്കുന്നു.

**CNC** മെഷീൻ പോലുള്ള യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് അതീവ കൃത്യത വേണ്ട ഘടകങ്ങൾ നിർമ്മിക്കുന്നതിന് വൈദ്യുതിയുടെ ശരിയായ ലഭ്യതയും അതിന്റെ ഗുണനിലവാരവും വളരെ നിർണ്ണായകമാണ്. നമ്മുടെ നാട്ടിൽ ഇത്തരം ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വം കൂടിയാണ്. അതിന് ഏറ്റവും അത്യാവശ്യം തടസ്സരഹിതവും ഉയർന്ന ഗുണനിലവാരമുള്ളതുമായ വൈദ്യുതി ഇത്തരം സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ്.

നെടുമങ്ങാട് സബ് സ്റ്റേഷനിൽ നിന്നുള്ള ഉഴമലയ്ക്കൽ **11 kV** ഫീഡറിൽ നിന്നാണ് ആദ്യം വൈദ്യുതി നൽകിയിരുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കണക്ഷൻ നെടുമങ്ങാട് സബ് സ്റ്റേഷനിൽ നിന്നുള്ള വലിയമല ഫീഡറിലേയ്ക്ക് മാറ്റി കൊടുത്തിരിക്കുന്നു. വലിയമല ഫീഡർ കുറച്ചുകൂടി **reliable** ആയതിനാൽ അടിയ്ക്കടിയുണ്ടാകുന്ന വൈദ്യുത തടസ്സം കുറച്ച് കുറഞ്ഞിട്ടുണ്ട് എന്ന് എതിർകക്ഷി വിശദീകരിച്ചു. കൂടാതെ ഉഴമലയ്ക്കൽ ഫീഡർ ഏകദേശം **6 KM** ഓളം **ABC** ആക്കിമാറ്റാനുള്ള **order** നൽകിക്കഴിഞ്ഞു എന്നും എതിർകക്ഷി വിശദമാക്കി. വൈദ്യുത തടസ്സം കുറയ്ക്കുന്നതിന് എതിർകക്ഷി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചില നടപടികളെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

1) ലൈൻ പട്രോളിംഗ് കൂടുതൽ ഫലപ്രദമാക്കുക.
2) **Touching Clearance** കൂടുതലായി നടത്തി അടിക്കടി ഉണ്ടാകുന്ന വൈദ്യുത തടസ്സം ഒഴിവാക്കുക .
3) **RDSS** സ്കീമിലൂടെ കൂടുതൽ **OH line ABC** യിലേയ്ക്ക് മാറ്റുകയും അതുവഴി വൈദ്യുത തടസ്സം കുറയ്ക്കാൻ ശ്രമിക്കുക.
4) ലൈനിന്റെയും ഉപകരണങ്ങളുടെയും കൃത്യസമയത്തുള്ള പരിപാലനം ആസൂത്രണം ചെയ്യുക
5) ഫീഡിങ്ങും ബാക്ക്ഫീഡിംഗും ചെയ്യുന്ന സെക്ഷനുകൾ തമ്മിലുള്ള ശരിയായ ഏകോപനത്തിലൂടെ വൈദ്യുതി ലഭ്യത ഉറപ്പാക്കുക.

ഇതിലുപരിയായി ഉഴമലയ്ക്കൽ **Mini Industrial area** യിലേയ്ക്ക് ഒരു **dedicated feeder** നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വേണ്ട നടപടികൾ ലൈസൻസി കൈക്കൊള്ളുക. വൈദ്യുത തടസ്സങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനുള്ള സംവിധാനം കൂടുതൽ കരുത്തുറ്റതാക്കുക. അതുവഴി ഉല്പന്നങ്ങളുടെ **rejection** കുറയ്ക്കാൻ കഴിയുകയും നഷ്ടം ഒഴിവാക്കാൻ കഴിയുകയും ചെയ്യുന്നു.

**KSERC** വൈദ്യുതി തടസ്സങ്ങളും ലഭ്യതയും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളാണ് **KSERC (Standard for performance of Distribution Licensee ) Regulations 2015.** അതിൽ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിൽ നിന്നും താഴെപോകാതെ നോക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണെന്നും അതിൽ വിവരിച്ചിരിക്കുന്നു. ഇത് **The Electricity Act 2003 Section 57** ൽ വ്യക്തമാക്കിയിരിക്കുന്നു.

***57. (1)*** *The Appropriate Commission may, after consultation with the licensees and persons likely to be affected, specify standards of performance of a licensee or a class of licensees.*

***57.(2)****If a licensee fails to meet the standards specified under subsection (1), without prejudice to any penalty which may be imposed or prosecution be initiated, he shall be liable to pay such compensation to the person affected as may be determined by the Appropriate Commission:*

*Provided that before determination of compensation, the concerned licensee shall be given a reasonable opportunity of being heard.*

ഇവിടെ അടിയ്ക്കടി വൈദുതിയ്ക്ക് തടസ്സം നേരിടുന്നുവെങ്കിലും **SOP** യിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിയ്ക്കകം വൈദ്യുത തടസ്സം പരിഹരിക്കുന്നതായി കാണുന്നു. എന്നിരുന്നാലും നിരന്തരം ഉണ്ടാകുന്ന **power interruption** കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശക ലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. നിരന്തരം ഉണ്ടാകുന്ന **power interruption** കുറയ്ക്കുന്നതിനുള്ള നടപടികൾ ലൈസൻസി അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.
2. **OH line** മാറ്റി **ABC** ആക്കുന്നതിനുള്ള നടപടികളും അതിവേഗം പൂർത്തിയാക്കേണ്ടതാണ്.
3. ഈ ചെറുകിട വ്യവസായ സ്ഥാപനത്തിലേയ്ക്കുള്ള **power interruption / distortion** ഉപഭോക്താവിനെ മുൻകൂട്ടി അറിയിക്കാനുള്ള സംവിധാനം കൂടുതൽ ഫലപ്രദമാക്കുക.
4. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/064/2025/** തീയതി : **24-12-2025**

**അയക്കുന്നത്:**

1. ശ്രീ.സുരേഷ് ബാബു എൻ, ജി.എസ്.ആർ ഇൻഡസ്ട്രീസ് നമ്പ.13, ഉഴമലയ്ക്കൽ, പുതുകുളങ്ങര പി.ഒ, തിരുവനന്തപുരം(ജില്ല) - 695541
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, നെടുമങ്ങാട് (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - 691506